**ആരോഗ്യവകുപ്പ് ഡയറക്ടറുടെ കാര്യാലയം**
**വഞ്ചിയൂർ.പി.ഒ., തിരുവനന്തപുരം. പിൻ - 695035**
**ഫോൺ: 0471 2302490 വെബ്സൈറ്റ്: www.dhs.kerala.gov.in**
**ഇ-മെയിൽ: dhskerala@gmail.com, dhskerala.hlth@kerala.gov.in**

---

നം: **DHS/8339/2026-ES5** തീയതി: **01-09-2026**

## സർക്കുലർ

വിഷയം:- ആവഡ-ഇ.എൻ.ടി വിഭാഗം കൺസൾട്ടന്റ് തസ്തികയിലേയ്ക്കുള്ള സ്ഥാനക്കയറ്റം- കോൺഫിഡൻഷ്യൽ റിപ്പോർട്ടും അനുബന്ധ രേഖകളും ലഭ്യമാക്കുന്നത് സംബന്ധിച്ച്:-

സൂചന:-
1. **09-02-2026** ലെ **DHS/3106/2026-ES6** നം. സർക്കുലർ
2. **Order No. ES7 (Spl. Cell)752/2024/DHS DATED: 12.06.2024**
3. സ.ഉ.(അച്ചടി)നം.**2/2026/H&FWD** തീയതി, **03-01-2026**

എല്ലാ സ്പെഷ്യാലിറ്റിയിലേയും ജൂനിയർ കൺസൾട്ടന്റ് തസ്തിയിലുള്ള മെഡിക്കൽ ആഫീസർമാരിൽ സ്ഥാനക്കയറ്റം ലഭിക്കാനുള്ളതിൽ സീനിയോറിറ്റി പ്രകാരം ആദ്യ **25** പേരുടെ കോൺഫിഡൻഷ്യൽ റിപ്പോർട്ട്, പ്രൊബേഷൻ ഡിക്ലയർ ചെയ്ത ഉത്തരവിന്റെ പകർപ്പ്, സെൽഫ് അപ്പ്രൈസൽ എന്നിവ ലഭ്യമാക്കാൻ ആവശ്യപ്പെട്ട് സൂചന **(1)** പ്രകാരം സർക്കുലർ നൽകിയിരുന്നെങ്കിലും ഇ.എൻ.ടി വിഭാഗം ജൂനിയർ കൺസൾട്ടന്റ് തസ്തികയിലുള്ള സീനിയർ ആയ എല്ലാ പേരുടെയും കോൺഫിഡൻഷ്യൽ റിപ്പോർട്ടും അനുബന്ധ രേഖകളും ലഭിച്ചിട്ടില്ല. ആയതിനാൽ സൂചന **(2)** പ്രകാരം പ്രസിദ്ധീകരിച്ച ഇ.എൻ.ടി വിഭാഗം ജൂനിയർ കൺസൾട്ടന്റ് തസ്തികയിലുള്ള മെഡിക്കൽ ആഫീസർമാരുടെ സീനിയോറിറ്റി ലിസ്റ്റിൽ റാങ്ക് നം. **8** മുതൽ **35** വരെയുള്ള മെഡിക്കൽ ആഫീസർമാരിൽ **2023, 2024, 2025** കാലയളവിലെ കോൺഫിഡൻഷ്യൽ റിപ്പോർട്ടും അനുബന്ധ രേഖകളും സമർപ്പിക്കാത്തവർ പ്രസ്തുത കാലയളവിലെ (കൃത്യമായി കാലയളവ് രേഖപ്പെടുത്തിയ) കോൺഫിഡൻഷ്യൽ റിപ്പോർട്ട്, പ്രൊബേഷൻ ഡിക്ലയർ ചെയ്ത ഉത്തരവിന്റെ പകർപ്പ്, സെൽഫ് അപ്പ്രൈസൽ എന്നിവ **10.09.2026**

ന് മുന്പായി ഈ കാര്യാലയത്തിൽ ലഭ്യമാക്കേണ്ടതാണ്.

സമയബന്ധിത ഹയർഗ്രേഡ് ലഭിച്ച മെഡിക്കൽ ഓഫീസർമാർ സ്ഥാനക്കയറ്റം ലഭിക്കുന്നത് ഒഴിവാക്കുന്നതിനായി വകുപ്പ് നിഷ്കർഷിക്കുന്ന സമയപരിധിക്കുള്ളിൽ കോൺഫിഡൻഷ്യൽ റിപ്പോർട്ട് സമർപ്പിക്കാതിരിക്കുകയും അത് കാരണം അവരുടെ ജൂനിയറിന് പ്രമോഷൻ ലഭിക്കുന്നതിനുള്ള സാഹചര്യം ഉണ്ടാകുകയും ചെയ്താൽ നാളിതുവരെ അവർ **Time Bound Higher Grade** ഇനത്തിൽ വാങ്ങിയ തുകയും പലിശയും കണക്കാക്കി ടി മെഡിക്കൽ ഓഫീസർമാരിൽനിന്നും ഈടാക്കുന്നതിനും അവരുടെ ശമ്പളം പുനഃക്രമീകരിക്കുന്നതിനും സൂചന (3) പ്രകാരമുള്ള സർക്കാർ ഉത്തരവിലെ മാർഗനിർദ്ദേശം അനുസരിച്ച് തുടർനടപടി സ്വീകരിക്കുന്നതാണ് എന്ന വിവരം കൂടി ശ്രദ്ധയിൽപ്പെടുത്തുന്നു.

Digitally signed by
Meenakshy V
Date: 01-09-2026
18:52:41

**ആരോഗ്യ വകുപ്പ് ഡയറക്ടർ**

സ്വീകർത്താവ്:

ബന്ധപ്പെട്ട എല്ലാ മെഡിക്കൽ ഓഫീസർമാർക്കും (ആരോഗ്യവകുപ്പ് ഡയറക്ടറുടെ വെബ്സൈറ്റ് മുഖേന)

പകർപ്പ്:

1. എല്ലാ ജില്ലാ മെഡിക്കൽ ഓഫീസർമാർക്കും (ആരോഗ്യവകുപ്പ് ഡയറക്ടറുടെ വെബ് സൈറ്റ് മുഖേന)
2. ആരോഗ്യവകുപ്പ് ഡയറക്ടറുടെ വെബ് സൈറ്റ്
3. ഫയൽ / കരുതൽ ഫയൽ